പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1111 — 13/06/2013 ൽ മറുപടിയ്ക്ക്

## ഇ - ഡിസ്ട്രിക്ട് പദ്ധതിയും അക്ഷയ കേന്ദ്രങ്ങളിലെ കാര്യക്ഷമതയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഇ - ഡിസ്ട്രിക്ട് പദ്ധതിയിലൂടെയുള്ള സേവനങ്ങൾ അക്ഷയകേന്ദ്രങ്ങളിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതിലെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. സർവ്വീസ് ചാർജ് സംബന്ധിച്ചും അക്ഷയ കേന്ദ്രങ്ങളിലെ തിരക്കിനെ സംബന്ധിച്ചും പരാതികളുണ്ടെങ്കിലും 06/06/2013 വരെ 2309603 സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതി കുറ്റമറ്റതാക്കാൻ ശ്രമിക്കുന്നതാണ്. |
| (ബി) | സർട്ടിഫിക്കറ്റുകളും സേവനങ്ങളും പലതവണ അക്ഷയകേന്ദ്രങ്ങളിൽ കയറിയിറങ്ങി പലതരത്തിൽ പണം മുടക്കി കൈപ്പറ്റേണ്ടി വരുന്ന ജനങ്ങളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | അക്ഷയകേന്ദ്രങ്ങളിലെ ക്രമക്കേടുകളും നെറ്റ് കണക്ഷൻ തകരാറുകളും ജനങ്ങളെ വല്ലാതെ വലയ്ക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഈ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ; | (സി) | എല്ലാ ജില്ലാ അക്ഷയ കോർഡിനേറ്റർമാരോടും അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശുപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ - ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ജനങ്ങളുടെ ആവശ്യങ്ങൾ നേരിടാൻ എന്തു നടപടി സ്വീകരിക്കുമെന്ന് പറയാമോ; | (ഡി) | ഇ - ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ വില്ലേജ് ഓഫീസിൽ നിന്നും നേരിട്ടുതന്നെ ജനങ്ങൾക്ക് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ട്. |

| | |
|---|---|
| (ഇ) അധിക ആവശ്യത്തിന് ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിച്ച് വില്ലേജ് ഓഫീസുകളിൽ തന്നെ കമ്പ്യൂട്ടർ സംവിധാനമുള്ള ഫ്രണ്ട് ഓഫീസുകൾ ആരംഭിച്ച് സർക്കാരിലേക്ക് ഈ വരുമാനം ലഭിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം വില്ലേജ് ഓഫീസ് വളപ്പിൽ തന്നെ ഇതിനുള്ള സൗകര്യം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ